റവന്യൂ ഉദ്യോഗസ്ഥനും ആവശ്യപ്പെട്ടിട്ടില്ല. അങ്ങിനെ ഒരധികാരം ഉണ്ടായിരിക്കണമെന്നു് മറ്റാരും നിവേദനംചെയ്തിട്ടുമില്ല. അതുകൊണ്ടു് ഭേദഗതി ആവശ്യമില്ല.

The amendment was put and lost.

The question that clause 2 stand part of the Bill was put and carried.

Clause 2 was added to the Bill.

The House rose for lunch at 1 p.m. and re-assembled at 2 p.m, with Mr. Speaker in the Chair.

The Travancore-Cochin Revenue Enquiries and Summons Bill.—*(contd.)*

Clause 3.

The question that Clause 3 stands part of the Bill was put and carried.

Clause 3 was added to the Bill.

Clause 4.

Sri. A. K. Patchu Pillai: Sir, I move. Add the following proviso to Clause 4.—

"Provided that if the person summoned resides within the jurisdiction of another District or Taluk, the Collector, Deputy Collector, Tahsildar or Deputy Tahsildar, as the case may be, shall send the summons to the Collector or Tahsildar of that District or Taluk who shall cause such summons to be served as stated above and return it to the Officer who sent it for service".

ഇതിനുമുമ്പു് ഡാം വകുപ്പിലുള്ള പ്രൊവൈസൊ എടുത്തുകളയണമെന്നുള്ളതിനെപ്പറ്റി ഞാൻ ഉന്നയിച്ച വാദമുഖങ്ങൾ തന്നെയാണു് ഈ ഭേദഗതിക്കും പറയുവാനുള്ളതു്. ഫാമൻസ്–ലെ ആക്ടിൽ ഈ പ്രൊവൈസൊകൂടി കിടക്കുന്നു. അതുകൊണ്ടാണു് ഈ പ്രൊവൈസൊ ചേർക്കാൻ ഇടയായതു് എന്നുള്ളതിൽ കൂടുതലായി യാതൊരു പ്രകാശവും ബഹു. മന്ത്രിയുടെ മറുപടിയിൽ നിന്നും ലഭിക്കുവാൻ കഴിഞ്ഞില്ല. ഇതിനു് തക്കതായ ദോക്കുമുണ്ടു്, അതിനാൽ ഇതു ആവശ്യമില്ല എന്നു് ബഹു. മന്ത്രി യുക്തിയുക്തമായി പറഞ്ഞിരുന്നുവെങ്കിൽ ഞാൻ വീണ്ടും ഇങ്ങനെയൊരു ഭേദഗതി അവതരിപ്പിക്കുകയില്ലായിരുന്നു. മുമ്പിലത്തെ ആക്ടിൽ ഇതില്ല എന്നുള്ളതു് ന്യായമായ ഒരു കാരണം ആകുന്നില്ല. എന്റെ ഈ ഭേദഗതി തള്ളിപ്പോയിരുന്നാൽതന്നെയും ഇങ്ങനെയുള്ള അവസരത്തിൽഅത്യാവശ്യമായ ഈ പവ്വർഉപയോഗിച്ചുകൊണ്ടു എക്സ്പ്രഷനൽ കേസുകൾക്കെങ്കിലും വേണ്ട നടപടികൾ നടത്തുവാനുള്ള അധികാരംനിയമപ്രകാരം ഉണ്ടായിരുന്നില്ലെങ്കിൽ അതു വളരെ വിഷമങ്ങൾക്കും നഷ്ടങ്ങൾക്കും ഇടവരുത്തും. നിയമ നിർവ്വഹണത്തിനു തന്നെ ഇതു ഒരാപത്തു് ആയിവരുന്ന സംഗതിയാണു്. ഇങ്ങനെ അധികാരമില്ലെങ്കിൽ റവന്യൂസംബന്ധിച്ചു ആക്ടു് ചില അവസരങ്ങളിൽ നിഷ്പ്രയോജനമായി വരുന്നതിനിടയുണ്ടു്. ബോർഡു ഏർപ്പെടുത്തിയെന്നുള്ളതു ശരിതന്നെ. എന്നാൽ കീഴ്കോടതികൾ നിർവ്വഹിക്കുന്ന എല്ലാ കാര്യങ്ങളും നിർവ്വഹിക്കുന്നതിനുള്ള ചുമതലയല്ല ബോർഡിനുള്ളതു്. അസാധാരണ അവസരങ്ങളിൽ കീഴ്സ്ഥാപനങ്ങളെപ്പറ്റി അന്വേഷണം നടത്താനല്ലാതെ, ഓർജിനലായി അവരുടെ അടുക്കൽ ഒരും അപേക്ഷ കൊടുക്കുകപതിവില്ല. ഈ ആക്ടിന്റെ ഉദ്ദേശംതന്നെ റവന്യൂ അധികാരികളുടെ ദൈനംദിന പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തണമെന്നുള്ളതാണല്ലൊ. അതിനാൽ

LIBRARY ARCHIVES Kerala Legislative Assembly

[Sri A. K, Patchu Pillai]

തക്കതായ സമാധാനം ബഹു. മന്ത്രിക്ക പറയുവാനില്ലെങ്കിൽ, എന്റെ ഈ ഭേദഗതി സ്വീകരിക്കണമെന്നാണ എനിക്ക പറയുവാനുള്ളത്".

ശ്രീ. എ. ജെ. ജോൺ: രണ്ടാമതേക്കപ്പിന്റെ പ്രൊവൈസൊ സ്വീകരിക്കാൻ പാടില്ലാത്തതു" എന്തുകാരണത്താൽ കൊണ്ടാണോ, അതേ കാരണം കൊണ്ടുതന്നെ ഈ ഭേദഗതിയും സ്വീകരിക്കുവാൻ നിവൃത്തിയില്ല. ഇതുസംബന്ധിച്ച് കൂടുതൽ പ്രകാശം ഒന്നുതന്നെ കൊടുക്കാൻ ഇപ്പോൾ ഞാൻ ഉദ്ദേശിക്കുന്നില്ല. ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു.

The amendment was put and lost.

The question that Clause 4 stands part of the Bill was put and carried.

Clause 4 was added to the Bill.

Clauses 5, 6 and 7

The question that Clauses 5, 6 and 7 stand part of the Bill was put and carried.

Clauses 5, 6 and 7 were added to the Bill.

Clause 8

ശ്രീ. എ. കെ. പാച്ചുപിള്ള: സർ, താഴെ പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

In Clause 8, last paragraph after the word "presence" add the following words "and signed by the deponent" between "presence" and "shall" ആ വകുപ്പിന്റെ അടുവിലത്തെ പാരഗ്രാഫിലാണ് ഈ ഭേദഗതി ചേർക്കേണ്ടതു". മേല്പറഞ്ഞ ഏതെങ്കിലും ഉദ്യോഗസ്ഥൻ, അതായതു് തഹശീൽദാരൊ, കലക്ടരൊ, ഡെപ്യൂട്ടി കലക്ടരൊ ആരെങ്കിലും, മൊഴി ആവശ്യപ്പെട്ടാൽ മൊഴി കൊടുക്കുന്ന ആ ആൾ അതു ഒപ്പിട്ടു കൊടുത്തില്ലെങ്കിൽ ആയാളിനു് എതിരായി അതു ഉപയോഗിക്കുവാൻ പാടില്ല എന്നുകൂടി ചേർക്കണമെന്നാണ് എന്റെ ഭേദഗതിയുടെ താല്പര്യം. ഇതു് ബഹു. മന്ത്രി സ്വീകരിക്കുമെന്നു വിശ്വസിക്കുന്നു.

ശ്രീ. എ. ജെ. ജോൺ: ഈ ഭേദഗതി സ്വീകരിക്കുന്നതിനു വിരോധമില്ല.

The amendment was put and carried.

The amendment was adopted.

The question that Clause 8, as amended stands part of the Bill was put and carried.

Clause 8, as amended, was added to the Bill.

Clause 9.

Sri. D. Gnanasigamoni : I move that.—

"In Clause 9, omit ths words "or into the conduct of any public servant in any such matter".

The amended clause would read as follows.—The Government may by notification in the Gazette invest any officer deputed by it to make an enquiry into any matter connected with the administration of the revenue with all or any of the powers conferred by this Act". My first reason is that this portion which I seek to delete from this clause is not covered by the scope of this Bill. The preamble says "Whereas it is expedient, in order to facilitate the disposal of matters connected with revenue administration, to empower certain Revenue Officers to issue summonses for

LIBRARY ARCHIVES Kerala Legislative Assembly

the attendance of persons or the production of documents in enquiries which they are authorised to hold": From the preamble it is clear that it is only for a definite purpose, namely for the purpose of summoning witnesses and for the production of documents. Here what is provided for is that the enquiry can even go into the conduct of any public servant. My submission is that this is beyond the scope of this Bill, because the enquiry into the conduct of the public servant can by no means be said to be a revenue matter. These are governed by the Public Service Conduct Rules and other provisions for which there are separate enactments here. For example, Sir, in respect of a Bill recently introduced in this House, namely the Travancore-Cochin Public Accountants Bill, this distinction was clearly kept in view. Enquiring into the conduct of a public servant in this bill is clearly a matter in the wrong place. This Bill is practically intended for a specific purpose, namely, for summoning witnesses and for the production of documents. Therefore, it appears to me that this provision is clearly out of place. I move that this portion may be deleted.

ശ്രീ. എ. കെ. പാച്ചുപിള്ള: സർ, ശ്രീ. ജ്ഞാനശിഖാമണിയുടെ ഭേഗതിയെ പിന്താങ്ങിക്കൊണ്ടു രണ്ടുവാക്കു പറയണമെന്നു ഞാനാഗ്രഹിക്കുന്നു. ഇതു് റവന്യൂസമൻസിനെപ്പറ്റി മാത്രമുള്ള ബില്ലായതുകൊണ്ടു് മറ്റു നിയമപ്രകാരം ഗവൺമെണ്ടിനു സിദ്ധിച്ചിട്ടുള്ള അധികാരങ്ങൾകൂടി ഇതിലേക്കു് വിനിയോഗിക്കേണ്ട ആവശ്യമില്ലെന്നാണു് എനിക്കു പറയുവാനുള്ളതു്. ഗവൺമെണ്ടിന്റെ കീഴിലുള്ള ഏതെങ്കിലും ഉദ്യോഗസ്ഥനെപ്പറ്റി അന്വേഷിക്കുന്നതിനുള്ള പൂർണ്ണമായ അധികാരം ഗവൺമെണ്ടിനുണ്ടു്. അതിലേക്കു് മറ്റൊരാളെ ചുമതലപ്പെടുത്താമെന്നുള്ള സ്ഥിതിക്കു് ഈ ഒരു പ്രത്യേക അധികാരത്തിന്റെ ആവശ്യമില്ല. ഈ വകുപ്പുകൊണ്ടു ഗവൺമെണ്ടിനു് ഇതിലേക്കു് അസാധാരണമായ അധികാരം ലഭിച്ചിട്ടുണ്ടെന്നും തോന്നുന്നില്ല. അതിനാൽ ഈ ഭേഗതി സ്വീകരിക്കണമെന്നാണു് എനിക്കു പറയുവാനുള്ളതു്.

ശ്രീ. എ. ജെ. ജോൺ: ഞാൻ ഈ ഭേഗതിയെ എതിർക്കുന്നു. തിരുവിതാംകൂറിൽ പബ്ലിക്ക സർവ്വിസു എൻകമ്പറി ആക്ടു് എന്നൊരാക്ടുണ്ടു്. കൊച്ചിയിൽ അതിനനുസരണമായ ഒരു ആക്ടില്ല. അവിടെ റവന്യൂ എൻകമ്പയറി ആക്ടു് എന്നൊരാക്ടു മാത്രമെയുള്ളൂ. ഈ ആക്ടിലെ ൧൦-ാം വകുപ്പു കൊണ്ടു് ആ ആക്ടുതന്നെ റിപ്പീൽ ചെയ്യുവാനുള്ള അധികാരമുണ്ടു്. ആ നിലയ്ക്കു, തിരുവിതാംകൂറിലെ പോലെ കൊച്ചിയിലും ഒരു പ്രത്യേക നിയമമില്ലാത്തതിനാൽ ഈ ഭേഗതി സ്വീകരിക്കുന്നപക്ഷം ഇതു സംബന്ധിച്ചു കൊച്ചിയിൽ യാതൊരു നിയമവും ഇല്ലാതെ വരുന്നതാണു്. എന്നാൽ തിരുവിതാംകൂറിലുള്ളതായ പബ്ലിക്ക സർവ്വിസു എൻകമ്പയറി ആക്ടു് കൊച്ചിയിലേക്കുംകൂടി ബാധകമാക്കുമ്പോൾ ആ ഭാഗം എടുത്തുകളയുകയും ചെയ്യാം.

Sri. D. Ganasigamoni: Sir, one question. Is there any corresponding clause in the existing Act in Travancore?

ശ്രീ. എ. ജെ. ജോൺ: കൊച്ചിയിലെ ആ ആക്ടുകൂടി റിപ്പീൽ ചെയ്യണമെന്നു ൧൦-ാംവകുപ്പിൽ പറയുന്നുണ്ടു്. അങ്ങനെ റിപ്പീൽ ചെയ്യുന്നനിലയ്ക്കു ൯-ാംവകുപ്പിൽ ഈ ഭാഗംകൂടി ഉൾക്കൊള്ളിക്കാതിരിക്കാൻ സാധ്യമല്ല. കൊച്ചിയിൽ നിലവിലുള്ള ആക്ടു് അസ്ഥിരപ്പെടുത്തുകയും അതിനുപകരം ഈ വകുപ്പു ചേർക്കാതെ വരികയും ചെയ്താൽ ഇതുസംബന്ധിച്ചു കൊച്ചിയിൽ യാതൊന്നും ചെയ്യാൻ നിവൃത്തിയില്ലാതെവരും. അതിനാൽ ഈ ഭേഗതിയെ ഞാൻ എതിർക്കുന്നു.

The amendment was put and lost.

LIBRARY ARCHIVES Kerala Legislative Assembly

The question that Clause 9 stands part of the Bill was put and carried.

Clause 9 was added to the Bill.

Clause 10

The question that Clause 10 stands part of the Bill was put and carried.

Clause 10 was added to the Bill.

Clause 1

The question that Clause 1 stands part of the Bill was put and carried.

Clause 1 was added to the Bill.

Preamble

The question that the Preamble stands part of the Bill was put and carried.

The Preamble was added to the Bill.

Sri. A. J. John: I move that the Travancore Cochin Revenue Enquiries and Summons Bill be passed.

Sri. N. Kunjuraman: I second it.

The motion was put and carried.

The Bill was passed.

DISCUSSION UNDER RULE 26

Mr. Speaker: The next item on the agenda is a discussion under rule 26.

Sry. Annie Joseph: I beg to raise a discussion on a matter of public importance which arose out of the answers to Starred Question No. 21 of the 25th October 1950 regarding the irregularities in the assignment of land.

സർ, പീരുമേട്ടിൽ സമീപകാലത്തു് കൃഷിക്കായി ഭൂമിവിതരണംചെയ്യുന്നു സംബന്ധിച്ചുണ്ടായിട്ടുള്ള അനീതികളേയും അതിൽ കൃത്രിമങ്ങളേയുംപറ്റി രണ്ടു ചോദ്യങ്ങൾ ഈ ദിവസങ്ങളിൽ ഇവിടെ ഉന്നയിക്കപ്പെടുകയുണ്ടായി. അതിൽ ആദ്യത്തെചോദ്യത്തിനു തൃപ്തികരമല്ലാത്ത ഒരു മറുപടി കിട്ടിയതു കൊണ്ടാണു് ഈ ചർച്ചയ്ക്കു ഞാനാവശ്യപ്പെട്ടതു്. എന്നാൽ രണ്ടാമത്തെ ചോദ്യത്തിനു കിട്ടിയ മറുപടിആദ്യത്തേതിനേക്കാൾ അതൃപ്തികരമായിരുന്നു. അതുകൊണ്ടു് ഈ ചർച്ചകൂടിയേകഴിയൂ എന്നെനിക്കു തോന്നി. സർ, പീരുമേട്താലൂക്കിലെ ഭൂമിവിതരണത്തിന്റെ പുറകിൽ ഒരു ചരിത്രംതന്നെയുണ്ടു്. അതു് ഞാൻ സംക്ഷേപിക്കാം. പീരുമേട് താലൂക്കിൽ സാധുക്കൾക്കുവേണ്ടി കൃഷിഭൂമി പതിച്ചുകൊടുക്കുന്നതിനായിട്ടു ഒരു കമ്മിറ്റിയെ ഫ൯ ൫൦ മാച്ചിൽ നിയമിക്കയുണ്ടായി. ഈ കമ്മിറ്റിയിലെ ഏക ഒരു അനുദ്യോഗസ്ഥ മെമ്പറാണു് ശ്രീമതി അക്കമ്മചെറിയാൻ. ഫ൯ ൫൦ ഏപ്രിൽ ൨൪-ാംതീയ്യതിയാണു് ഈ കമ്മിറ്റി ആദ്യമായി കൂടിയതു്. കമ്മിറ്റിയുടെ ആദ്യത്തേയും അവസാനത്തേയും സമ്മേളനമായിരുന്നു അതു്. ഭൂമിവിതരണത്തെപ്പറ്റി കമ്മിറ്റിയിൽ നല്ലതുപോലെ ചർച്ചചെയ്തതിന്റെ ഫലമായി, രണ്ടുമൂന്നു തീരുമാനങ്ങളിൽ എത്തിച്ചേർന്നു. ആദ്യമായി എത്രമാത്രം സ്ഥലം കൃഷിക്കായി വിനിയോഗിക്കാൻ സാധിക്കുമെന്നുള്ളതിനെ സംബന്ധിച്ചു് ഒരു കണക്കെടുക്കുകയായിരുന്നു ചെയ്തതു്. അതിൻപ്രകാരം വ്യൂൻഫ ഏക്കർ ഭൂമി കൃഷിക്കായി കൊടുക്കാമെന്നും അല്ലെങ്കിൽ ഉപയോഗപ്പെടുത്താമെന്നു കണ്ടു. അതിൽ ആദ്യമായി തല്ക്കാലം ൩൦൦൦ ഏക്കർ സ്ഥലം ൪ ഏക്കർവീതം ൭൫൦ പേർക്ക

LIBRARY ARCHIVES Kerala Legislative Assembly